# കേരള സർവകലാശാല

നം. പി.ആർ.005/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## എം.ഫിൽ പ്രവേശനം: കേരള സർവകലാശാലയ്ക്ക് അനുകൂലമായി ഹൈക്കോടതി വിധി

2016-ലെ യു.ജി.സി.ചട്ടങ്ങൾ നടപ്പിലാക്കുക വഴി കേരള സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലേയ്ക്കുള്ള എം.ഫിൽ പ്രവേശനം നിഷേധിച്ചുവെന്നാരോപിച്ച് വിദ്യാർത്ഥികൾ സമർപ്പിച്ച എട്ട് ഹർജികളും ബഹു.ഹൈക്കോടതി തള്ളി. യു.ജി.സി.ചട്ടങ്ങൾ നടപ്പിലാക്കുക വഴി ഗവേഷക വിദ്യാർത്ഥിയാകാനുള്ള അവസരമാണ് തങ്ങൾക്ക് നഷ്ടമായതെന്ന ഹർജിക്കാരുടെ വാദമാണ് ഹൈക്കോടതി തള്ളിയത്. യു.ജി.സി.ചട്ടങ്ങൾ സർവകലാശാല നടപ്പിലാക്കുന്നതിന് മുൻപ് ഇറങ്ങിയ വിജ്ഞാപനമായതിനാൽ അവ തങ്ങൾക്ക് ബാധകമല്ലായെന്നായിരുന്നു ഹർജിക്കാരുടെ വാദം. 11.03.2016-ലാണ് എം.ഫിൽ പ്രവേശനത്തിനുള്ള വിജ്ഞാപനം കേരള സർവകലാശാല ഇറക്കിയതെങ്കിലും പ്രവേശന പരീക്ഷയ്ക്ക് ശേഷമുള്ള റാങ്ക് പട്ടിക 25.08.2016-ലാണ് സർവകലാശാല പ്രസിദ്ധീകരിച്ചത്. ഇതിനിടെ, 20.07.2016-ൽ ഇറങ്ങിയ ഉത്തരവ് പ്രകാരം 2016-ലെ യു.ജി.സി. ചട്ടങ്ങൾ മുൻകാല പ്രാബല്യത്തോടെ 05.07.2016 മുതൽ സർവകലാശാല നടപ്പിലാക്കി. അതുകൊണ്ട് തന്നെ എം.ഫിൽ പ്രവേശനവും യു.ജി.സി മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കണമെന്ന് വ്യക്തമാണ്. ഇതനുസരിച്ച് പ്രവേശന നടപടികളുമായി സർവകലാശാല മുന്നോട്ട് പോകുകയും ഒന്നാം ഘട്ട അലോട്മെന്റിനുള്ള മെമ്മോ അർഹതപ്പെട്ടവർക്ക് അയക്കുകയും ചെയ്തു. പ്രവേശനനടപടികൾ അവസാനിച്ചില്ലെന്നിരിക്കെ പ്രവേശനത്തിനുള്ള അവസരം നഷ്ടപ്പെട്ടുവെന്ന ഹർജിക്കാരുടെ വാദം ശരിയല്ലെന്ന് കേരള സർവകലാശാല കോടതിയെ ബോധിപ്പിച്ചു.

യു.ജി.സി.ചട്ടങ്ങൾ നടപ്പിലാക്കുക വഴി ചില പഠനവകുപ്പുകളിൽ എം.ഫിൽ സീറ്റുകൾ കൂടുകയും ചില പഠനവകുപ്പുകളിൽ കുറയുകയും ചെയ്തിട്ടുണ്ട്. യോഗ്യതയുള്ള റിസർച്ച് ഗൈഡുമാരുടെ അഭാവമാണ് ഇത്തരത്തിൽ സീറ്റുകൾ കുറയുന്നതിന് കാരണമായ ഘടകം. വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം, അഫിലിയേറ്റഡ് കോളേജുകൾ, സർവകലാശാലയുടെ പരിധിയിൽ വരുന്ന ഗവേഷണ ലാബുകൾ എന്നിവിടങ്ങളിൽ നിന്നുള്ള റിസർച്ച് ഗൈഡുകളെ നിയോഗിക്കുക വഴി പ്രശ്നപരിഹാരത്തിന് സർവകലാശാല സ്വീകരിച്ച മാതൃകാപരമായ നടപടി ഹർജിക്കാരുടെ പരാതി പരിഹരിക്കുന്നതിന് ഫലപ്രദമാണെന്ന് ബഹു.ഹൈക്കോടതി നിരീക്ഷിച്ചു. യു.ജി.സി. നടപ്പിലാക്കുന്ന എല്ലാ ചട്ടങ്ങളും പാലിക്കാൻ സർവകലാശാല പ്രതിജ്ഞാബദ്ധമാണെന്നും ജസ്റ്റിസ് എ.എം.ഷഫീക്ക് വിധിന്യായത്തിൽ പറയുന്നു.

പുതുക്കിയ എം.ഫിൽ ചട്ടങ്ങളെ അടിസ്ഥാനമാക്കി പത്രമാധ്യമങ്ങളിലും ടി.വി. ചാനലുകളിലും വ്യാജവാർത്തകൾ സൃഷ്ടിച്ച് സർവകലാശാല അധികൃതരെ തേജോവധം ചെയ്യാൻ ചിലകേന്ദ്രങ്ങൾ ശ്രമം നടത്തിയിരുന്നു. കൂടാതെ ഒരു ചെറു സംഘം വിദ്യാർത്ഥികൾ സർവകലാശാല കാമ്പസിനുള്ളിൽ അക്രമങ്ങൾ സൃഷ്ടിക്കുവാനും വൈസ് ചാൻസലറെ തേജോവധം ചെയ്യുവാനും ശ്രമം നടത്തുകയും ചെയ്തു. ഇതിലൊക്കെ

ആത്മസംയമനം പാലിച്ച് സർവകലാശാല അവലംബിച്ച മൗനത്തിന് അനുകൂലമായി കോടതി തക്കതായ മറുപടി നൽകിയിരിക്കുകയാണ്.
കോടതി വിധിയിലൂടെ യു.ജി.സി.ചട്ടങ്ങൾ കാലവിളംബം കൂടാതെ നടപ്പാക്കാനുള്ള വൈസ് ചാൻസലറുടെയും സിൻഡിക്കേറ്റിന്റെയും ചുമതല ഒന്നുകൂടി വ്യക്തമായിരിക്കുകയാണ്.

## മാർജിനൽ ഇൻക്രീസ് അപേക്ഷ സമർപ്പിക്കണം

കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെയും ബിരുദ/ബിരുദാനന്തര കോഴ്സുകളിലേക്ക് 2017-2018 അധ്യയന വർഷത്തേക്കുള്ള മാർജിനൽ ഇൻക്രീസിനുള്ള അപേക്ഷകൾ ജനുവരി 17 നകം സമർപ്പിക്കണം. അപേക്ഷകൾ (jrugonline@gmail.com) എന്ന ഇ-മെയിൽ വഴി ജനുവരി 17-നകവും അപേക്ഷയുടെ ഹാർഡ് കോപ്പി രജിസ്ട്രാർ, കേരള സർവകലാശാല,പാളയം,തിരുവനന്തപുരം-695034 എന്ന വിലാസത്തിൽ ജനുവരി 20-നകവും നൽകണം. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പ്രാക്ടിക്കൽ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം രണ്ടാം വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ ലാബ് I (ഡേറ്റബെയ്സ് ലാബോറട്ടറി) ജനുവരി ഒമ്പത് മുതൽ 16 വരെ കൊല്ലം മുളങ്കാടകം യു.ഐ.ടി കേന്ദ്രത്തിലും ലാബ് II (പ്രോഗ്രാമിംഗ് ലാബോറട്ടറി) ജനുവരി 18 മുതൽ 30 വരെ ഏരൂർ യു.ഐ.ടി കേന്ദ്രത്തിലും ഒന്നും രണ്ടും വർഷ 2013-ന് മുമ്പുള്ള അഡ്മിഷൻ വിദ്യാർത്ഥികൾ ഫെബ്രുവരി ഒന്ന് മുതൽ ആറ് വരെ പത്തനാപുരം യു.ഐ.ടി കേന്ദ്രത്തിലും പ്രാക്ടിക്കൽ പരീക്ഷയ്ക്ക് ഹാജരാകണം.

## ബി.എ/ബി.എസ്സി പരീക്ഷ

കേരള സർവകലാശാല ഫെബ്രുവരിയിൽ തുടങ്ങുന്ന ബി.എ/ബി.എസ്സി (ആന്വൽ സ്കീം) പാർട്ട് ഒന്ന്, രണ്ട്, സപ്ലിമെന്ററി പരീക്ഷകൾക്ക് ജനുവരി ഏഴ് മുതൽ ഫീസ് അടച്ച് അപേക്ഷിക്കാം. കഴിഞ്ഞ തവണ നടന്ന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷിച്ചിരുന്ന/രജിസ്റ്റർ ചെയ്തിരുന്ന വിദ്യാർത്ഥികൾ തുടർന്നും ഓൺലൈനായി മാത്രം അപേക്ഷിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ടി.എ. യോഗം

കേരള സർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിലെ ഒന്നാം വർഷ ബി.ടെക് വിദ്യാർത്ഥികളുടെ പി.ടി.എ. യോഗം ജനുവരി 12 രാവിലെ 10 മണിയ്ക്ക് കോളേജിലെ സെമിനാർ ഹാളിൽ നടക്കും.

## അലുമ്നി യോഗം

കേരള സർവകലാശാല കാര്യവട്ടം കൊമേഴ്സ് പഠനവകുപ്പിലെ അലുമ്നി യോഗം ഫെബ്രുവരി 11 രാവിലെ 10 മണിയ്ക്ക് കൊമേഴ്സ് പഠനവകുപ്പിൽ നടക്കും. ഫോൺ : 0471-2412179, 09496254542.

<u>സ്പോക്കൺ ഇംഗ്ലീഷ് സ്കിൽ ഡവലപ്മെന്റ്</u>

**കേരള സർവകലാശാല സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിംഗിൽ ഹ്രസ്വകാല കോഴ്സായ സ്പോക്കൺ ഇംഗ്ലീഷ് സ്കിൽ ഡവലപ്മെന്റ് ക്ലാസ് ജനുവരി എട്ടിന് തുടങ്ങും. അപേക്ഷിച്ച വിദ്യാർത്ഥികൾ രാവിലെ 10 മണിയ്ക്ക് ഇൻസ്റ്റിട്യൂട്ട് ഓഫ് ഇംഗ്ലീഷിൽ ഹാജരാകണം**

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
07.01.2017

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**